"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ജാതി സർട്ടിഫിക്കറ്റ് മാതൃക ഏകീകരിച്ചുകൊണ്ട്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (ജി) വകുപ്പ്**

സ.ഉ.(അച്ചടി) നം.11/2026/SCSTD തീയതി,തിരുവനന്തപുരം, 14-03-2026

---

പരാമർശം:-

1. ഭാരത സർക്കാർ ഓഫീസ് മെമ്മോറാണ്ടം നം. BC.12025/18/94-SCD (R.L.Cell) തീയതി 10.08.1994.
2. സ.ഉ.(അ)നം.18/2002/പജപവവിവ തീയതി 20.04.2002 (എസ്. ആർ. ഒ. നമ്പർ 310/2002) വിജ്ഞാപനം വഴി പുറപ്പെടുവിച്ച കേരള (പട്ടികജാതി പട്ടിക ഗോത്ര വർഗ്ഗങ്ങൾ) സമുദായ സർട്ടിഫിക്കറ്റ് നൽകുന്നത് ക്രമപ്പെടുത്തൽ ചട്ടങ്ങൾ, 2002.
3. ഭാരത സർക്കാർ ഓഫീസ് മെമ്മോറാണ്ടം നം.12017/01/2020-SCD (R.L.Cell) തീയതി 18.03.2020.
4. ഭാരത സർക്കാർ ഓഫീസ് മെമ്മോറാണ്ടം നം. 12017/01/2020-SCD (R.L.Cell) തീയതി 19.01.2026.

**<u>ഉത്തരവ്</u>**

പരാമർശം (1) ലെ ഓഫീസ് മെമ്മോറാണ്ടം പ്രകാരം പട്ടികജാതി പട്ടികഗോത്ര വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് അനുവദിക്കുന്ന ജാതി സർട്ടിഫിക്കറ്റ് നിശ്ചിത മാതൃകയിൽ സ്വീകരിക്കാൻ എല്ലാ കേന്ദ്ര സർക്കാർ വകുപ്പുകളോടും കേന്ദ്ര വെൽഫെയർ മന്ത്രാലയം ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത നിർദ്ദേശത്തോടൊപ്പം ജാതി സർട്ടിഫിക്കറ്റിന്റെ മാതൃകയും ലഭ്യമാക്കിയിരുന്നു. ഈ മാതൃക പിൻതുടർന്നുകൊണ്ടുതന്നെ ഭരണസൗകര്യാർത്ഥം വിവിധ സംസ്ഥാനങ്ങൾ വിവിധതരത്തിലുള്ള ജാതി സർട്ടിഫിക്കറ്റുകളാണ് നിലവിൽ നൽകിവരുന്നത്. എന്നാൽ 1996-ലെ കേരള (പട്ടികജാതി പട്ടിക ഗോത്ര വർഗ്ഗങ്ങൾ) സമുദായ സർട്ടിഫിക്കറ്റ് നൽകുന്നത് ക്രമപ്പെടുത്തൽ നിയമവും തുടർന്ന് പരാമർശം (2) പ്രകാരം 2002-ലെ കേരള (പട്ടികജാതി പട്ടിക ഗോത്ര വർഗ്ഗങ്ങൾ) സമുദായ സർട്ടിഫിക്കറ്റ് നൽകുന്നത് ക്രമപ്പെടുത്തൽ ചട്ടങ്ങളും പുറപ്പെടുവിച്ചതിന്റെ ഫലമായി പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 4 ഉപചട്ടം (1) ന്റെ അടിസ്ഥാനത്തിൽ കേരള സർക്കാർ അനുബന്ധം II, ഫോം നമ്പർ III ആയി സമുദായ സർട്ടിഫിക്കറ്റിന്റെ മാതൃക പുറപ്പെടുവിച്ചിരുന്നു. ഈ മാതൃകയിലാണ് സംസ്ഥാനത്ത് നിലവിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സമുദായ സർട്ടിഫിക്കറ്റ് നൽകി വരുന്നത്.

2. എന്നാൽ, ചില അധികാരികൾ തങ്ങൾ അനുശാസിക്കുന്ന മാതൃകയിൽതന്നെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർ ജാതി സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കണമെന്ന നിബന്ധന വയ്ക്കുന്നതിനാൽ ഈ വിഭാഗത്തിൽപ്പെട്ടവർക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് ബുദ്ധിമുട്ടുകൾ നേരിടുന്നുവെന്ന് പരാമർശം (3) ലെ ഓഫീസ് മെമ്മോറാണ്ടം

പ്രകാരം കേന്ദ്ര സാമൂഹ്യനീതി-ശാക്തീകരണ മന്ത്രാലയം അറിയിച്ചിരുന്നു. അതിനാൽ എല്ലാ നിയമനാധികാരികളും പരാമർശം (1) ലെ ഓഫീസ് മെമ്മോറാണ്ടത്തോടൊപ്പം നൽകിയിരുന്ന നിശ്ചിത മാതൃകയിലെ ജാതി സർട്ടിഫിക്കറ്റ് തന്നെ സ്വീകരിക്കണമെന്നും, എല്ലാ കേന്ദ്ര മന്ത്രാലയങ്ങളും സംസ്ഥാന സർക്കാരുകളും കേന്ദ്രഭരണ പ്രദേശങ്ങളും കേന്ദ്ര സർക്കാർ അനുശാസിക്കുന്ന നിശ്ചിത മാതൃകയിലുള്ള (proforma) ജാതി സർട്ടിഫിക്കറ്റുകൾ തന്നെ പിന്തുടരണമെന്നും പ്രസ്തുത ഓഫീസ് മെമ്മോറാണ്ടത്തിൽ വ്യക്തമാക്കിയിരുന്നു.

3. എല്ലാ അധികാരികളും പട്ടികജാതി/ പട്ടികവർഗ്ഗ അപേക്ഷകർക്ക് ജാതി സർട്ടിഫിക്കറ്റുകൾ നൽകുമ്പോൾ കേന്ദ്ര സർക്കാർ നിശ്ചയിച്ച മാതൃക കർശനമായി പിന്തുടരണമെന്നും, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നൽകുന്ന പട്ടികജാതി/പട്ടികവർഗ്ഗ ജാതി സർട്ടിഫിക്കറ്റുകൾ എല്ലാ അധികാരികളും അംഗീകരിക്കണമെന്നും നിയമനങ്ങൾ, വിദ്യാഭ്യാസ പ്രവേശന നടപടികൾ, സ്കോളർഷിപ്പ് വിതരണം എന്നിവ കൈകാര്യം ചെയ്യുന്ന എല്ലാ അധികാരികളുടെയും ശ്രദ്ധയിൽ ഈ ഉത്തരവ് കൊണ്ടുവരണമെന്നും പരാമർശം (4)-ലെ ഓഫീസ് മെമ്മോറാണ്ടം പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളോട് മറ്റ് മാതൃകയിലുള്ള ജാതി സർട്ടിഫിക്കറ്റുകൾ ഒരു അധികാരിയും ആവശ്യപ്പെടരുതെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

4. കേരളത്തിൽ ജാതിയുമായി ബന്ധപ്പെട്ട് രണ്ട് തരം സർട്ടിഫിക്കറ്റുകളാണ് നിലവിൽ ബന്ധപ്പെട്ട അധികാരികൾ നൽകി വരുന്നത്:-

1. കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് (Community Certificate): 2002-ലെ കേരള (പട്ടികജാതി/പട്ടിക ഗോത്ര വർഗ്ഗങ്ങൾ) സമുദായ സർട്ടിഫിക്കറ്റ് നൽകുന്നത് ക്രമപ്പെടുത്തൽ ചട്ടങ്ങളിലെ (അനുബന്ധം II, ഫോം III) മാതൃകയിൽ താലൂക്ക് തഹസിൽദാർ നൽകുന്ന സർട്ടിഫിക്കറ്റ്.
2. ജാതി സർട്ടിഫിക്കറ്റ് (Caste Certificate): മറ്റു പിന്നാക്ക വിഭാഗങ്ങൾ (OBC) അല്ലെങ്കിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന സംവരണേതര (EWS) വിഭാഗങ്ങൾ എന്നിവർക്ക് റവന്യൂ അധികാരികൾ നൽകുന്ന സർട്ടിഫിക്കറ്റ്.

5. ഇതിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് നൽകുന്ന സർട്ടിഫിക്കറ്റുകൾ കേന്ദ്ര സർക്കാരിന്റെ 2000-ലെ ഐടി ആക്ട്, 2010-ലെ കേരള ഇൻഫർമേഷൻ ടെക്നോളജി (ഇലക്ട്രോണിക് ഡെലിവറി ഓഫ് സർവീസസ്) ചട്ടങ്ങൾ, ചട്ടം (3) ലെ 'ഫോം 1 C' പ്രകാരം ഓൺലൈനായിട്ടാണ് നിലവിൽ നൽകിവരുന്നത്. പ്രത്യേക ആവശ്യങ്ങൾക്കായി അപേക്ഷകർ ആവശ്യപ്പെടുമ്പോൾ ഇവ ഓഫ് ലൈനായും ബന്ധപ്പെട്ട അധികാരികൾ നൽകിവരുന്നുണ്ട്. എന്നാൽ ഈ പുതിയ ഓൺലൈൻ മാതൃക യു.പി.എസ്.സി. പരീക്ഷകൾക്കും കേന്ദ്ര സർക്കാർ നിയമനങ്ങൾക്കും അപേക്ഷ സമർപ്പിക്കുന്നതിൽ തടസ്സം സൃഷ്ടിക്കുന്നുണ്ട് എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു കൂടാതെ ഓഫ് ലൈൻ സർട്ടിഫിക്കറ്റും ഓൺലൈൻ സർട്ടിഫിക്കറ്റും തമ്മിലുള്ള വ്യത്യാസം ചൂണ്ടിക്കാട്ടി നിരവധി പരാതികൾ സർക്കാരിനു ലഭിച്ചു വരുന്നുമുണ്ട്.

6. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് **കേന്ദ്ര സർക്കാർ നിശ്ചയിച്ച മാതൃകയിൽ തന്നെ** (മാതൃക അനുബന്ധമായി ചേർക്കുന്നു) ജാതി സർട്ടിഫിക്കറ്റ് ഓൺലൈനായാലും ഓഫ് ലൈനായാലും നൽകാൻ പാടുള്ളൂ എന്ന് ഇതിനാൽ ഉത്തരവാകുന്നു. അതോടൊപ്പം, കേന്ദ്ര സർക്കാർ മാതൃകയിലുള്ള സർട്ടിഫിക്കറ്റുകൾ മാത്രം സ്വീകരിക്കാൻ കേരള പബ്ലിക് സർവ്വീസ് കമ്മീഷനും, എല്ലാ വകുപ്പ് മേധാവികൾക്കും, സർക്കാരിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ/ബോർഡുകൾ/കോർപ്പറേഷനുകൾ/സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിലെ മേധാവികൾക്കും നിർദ്ദേശം നൽകുന്നു. മേൽപ്പറഞ്ഞവർ ഉദ്യോഗാർത്ഥികളോട് മറ്റ് മാതൃകയിലുള്ള സർട്ടിഫിക്കറ്റുകൾ ആവശ്യപ്പെടാൻ പാടുള്ളതല്ല.

7. പ്രസ്തുത ഉത്തരവിന് അനുസൃതമായി 2002-ലെ കേരള (പട്ടികജാതി/പട്ടിക ഗോത്ര വർഗ്ഗങ്ങൾ) സമുദായ സർട്ടിഫിക്കറ്റ് നൽകുന്നത് ക്രമപ്പെടുത്തൽ ചട്ടങ്ങളിലും, 2010-ലെ കേരള ഇൻഫർമേഷൻ ടെക്നോളജി (ഇലക്ട്രോണിക് ഡെലിവറി ഓഫ് സർവീസസ്) ചട്ടങ്ങളിലും ആവശ്യമായ ഭേദഗതികൾ താമസംവിനാ വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ എ കൗശിഗൻ ഐഎഎസ്
സെക്രട്ടറി

1) സെക്രട്ടേറിയറ്റിലെ നിയമം ധനകാര്യം ഉൾപ്പെട്ടയുള്ള എല്ലാ വകുപ്പുകൾക്കും.
2) സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
3) സെക്രട്ടറി, കേരള നിയമസഭ (ആമുഖ കത്ത് സഹിതം)
4) കമ്മീഷണർ, ലാൻറ് റവന്യൂ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
5) പ്രവേശന പരീക്ഷ കമ്മീഷണർ, തിരുവനന്തപുരം.
6) എല്ലാ വകുപ്പ് മേധാവികൾക്കും.
7) എല്ലാ ജില്ലാ കളക്ടർമാർക്കും.
8) പൊതുമേഖലാ സ്ഥാപനങ്ങൾ/ബോർഡുകൾ/കോർപ്പറേഷനുകൾ/സ്വയംഭരണ സ്ഥാപന മേധാവികൾക്കും.
9) വിവര സാങ്കേതിക വകുപ്പ് **(തുടർനടപടികൾക്കായി)**
10) ഡയറക്ടർ, വിവര-പൊതുജനസമ്പർക്ക വകുപ്പ് (പത്രമാധ്യമങ്ങളിലൂടെ വിപുലമായ പ്രചാരണത്തിന്)
11) വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിന്)
12) കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Suchitra S S
Date: 14-03-2026 18:06:13
സെക്ഷൻ ഓഫീസർ

**പകർപ്പ്:-** 1. ബഹു. മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറിക്ക്.
2. ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
3. ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

**അനുബന്ധം**

Form as per Office Memorandum BC12025/18/94-SCD(R.L.Cell) dated 10.08.1994 to be produced by a candidate belonging to a Scheduled Caste or Scheduled Tribe in support of his claim.

## FORM OF CASTE CERTIFICATE

This is to certify that Shri/Shrimati*/Kumari*..................... son/daughter* of ............... of village*/town* .......................... in district/Division* ...............................of the State/Union Territory* .......................... belongs to the ........................... Caste/Tribe* which is recognised as a Scheduled Caste/Scheduled Tribe*
Under:
@The Constitution (Scheduled Castes) Order, 1950
@The Constitution (Scheduled Tribes) Order, 1950
@The Constitution (Scheduled Castes) (Union Territories) Order, 1951
@The Constitution (Scheduled Tribes) (Union Territories) Order, 1951 [as amended by the Scheduled Castes and Scheduled Tribes Lists (Modification) Order, 1956, the Bombay Reorganisation Act, 1960, the Punjab Reorganisation Act, 1966, the State of Himachal Pradesh Act, 1970, the North Eastern Areas (Reorganisation) Act, 1971 and the Scheduled Castes and Scheduled Tribes Orders (Amendment) Act, 1976].
@The Constitution (Jammu and Kashmir) Scheduled Castes Order, 1956.
@The Constitution (Andaman and Nicobar Islands) Scheduled Tribes Order,
1959.
@The Constitution (Dadra and Nagar Haveli) Scheduled Castes Order, 1962.
@The Constitution (Dadra and Nagar Haveli) Scheduled Tribes Order, 1962.
@The Constitution (Pondicherry) Scheduled Castes Order, 1964.
@The Constitution Scheduled Tribes (Uttar Pradesh) Order, 1967.
@The Constitution (Goa, Daman & Diu) Scheduled Castes Order, 1968.
@The Constitution (Goa, Daman & Diu) Scheduled Tribes Order, 1968.
@The Constitution (Nagaland) Scheduled Tribes Order, 1970.
@The Constitution (Sikkim) Scheduled Castes Order, 1978.
@The Constitution (Sikkim) Scheduled Tribes Order, 1978.
@The Constitution (Jammu and Kashmir) Scheduled Tribes Order, 1989.
*(@........add amendments to the Constitution Order made from time to time)*

2. Application in the case of Scheduled Castes/Scheduled Tribes persons who have migrated from one State/Union Territory Administration:

This certificate is issued on the basis of the Scheduled Caste/Scheduled Tribe certificate issued to Shri/Shrimati* ............... father/mother of Shri/Shrimati*/Kumari* ................... of village/town* ................... in district/Division ............... of the State/Union Territory .......... who belongs to the ............... Caste/Tribe* which is recognised as a Scheduled Caste/Scheduled Tribe in the State/Union Territory* ................................. issued by the ......................... (name of prescribed authority) vide their No. ...................... dated ....................

3. Shri*/Shrimati*/Kumari* ..................... and/or his/her* Family ordinarily reside(s) in village/town* ............... of .......................... District/Division of the State/Union Territory of ...............................

Signature ..........................................

**Designation ........................................
(With Seal of Office)

Place ............................... State
Union Territory

Date ...............................

* Please delete the words which are not applicable

@ Please quote specific Presidential Order

Delete the paragraph which is not applicable.

Note: The term "Ordinarily resides(s)" used here will have the same meaning as in Section 20 of the Representation of the People Act, 1950.

** List of authorities empowered to issue Scheduled Caste/Scheduled Tribe Certificates:-

1. District Magistrate/ Additional District Magistrate/ Collector/ Deputy Commissioner/ Additional Deputy Commissioner/ Deputy Collector/ 1st Class Stipendiary Magistrate/ City Magistrate/ Sub-Divisional Magistrate/ Taluk Magistrate/ Executive Magistrate/ Extra Assistant Commissioner (not below the rank of 1st Class Stipendiary Magistrate)
2. Chief Presidency Magistrate/Additional Chief Presidency Magistrate/Presidency Magistrate.
3. Revenue Officers not below the rank of Tehsildar.
4. Sub-Divisional Officer of the area where the candidate and/or his family normally resides.
5. Administrator/Secretary to Administrator/Development Officer (Lakshadweep Islands).

***